ആശുപത്രിയുടെ ഡിസൈനും പ്ലാനും എസ്റ്റിമേറ്റും ഒന്നും ഇതുവരെ പൂർത്തിയായിട്ടില്ല. അതിനുള്ള സാംഗ്ഷനും ഇതുവരെ കിട്ടിയിട്ടില്ല. അത് ഇ.എസ്. ഐ. ബോർഡിന്റെ പരിഗണനയിൽ ഇരിക്കുകയാണ്.

ശ്രീ. സി.ടി. അഹമ്മദ് അലി : കാസർകോട് ഇ.എസ്.ഐ. ഹോസ്പിറ്റൽ സൗകര്യങ്ങളൊന്നുമില്ലാത്ത ഒരു ചെറിയ കെട്ടിടത്തിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. ഈ ഹോസ്പിറ്റലിന് സ്വന്തമായി ഒരു കെട്ടിടം നിർമ്മിക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : ഇതു പരിശോധിക്കാം.

3 (*179) തൊഴിൽ നയത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. കെ.പി. സതീഷ് ചന്ദ്രൻ :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ തൊഴിൽ നയത്തിന് രൂപം നൽകിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ബി) സർക്കാർ ആവിഷ്ക്കരിക്കാനുദ്ദേശിക്കുന്ന തൊഴിൽ നയത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(സി) തൊഴിൽ നയം പ്രഖ്യാപിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ തൊഴിലാളി സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ഡി) തൊഴിൽ നയം സംബന്ധിച്ച് വിവിധ തൊഴിലാളി സംഘടനകൾക്ക് അഭിപ്രായ ഐക്യം കൈവരിക്കാൻ സാധിച്ചുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാന സർക്കാരിന്റെ തൊഴിൽ നയം എന്നത്തേക്ക് പ്രഖ്യാപിക്കുമെന്ന് വെളിപ്പെടുത്തുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ,

(എ) രൂപം നൽകിവരുന്നു.

(ബി) ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുക, തൊഴിൽ മേഖലയിൽ സമാധാനാന്തരീക്ഷം നിലനിർത്തുക എന്നിവയാണ് തൊഴിൽ നയത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ.

(സി) ഉണ്ട്. സമഗ്രമായ ഒരു തൊഴിൽ നയം രൂപീകരിക്കുന്നതിലേക്ക് പ്രമുഖ വ്യവസായികളും തൊഴിലാളി യൂണിയൻ പ്രതിനിധികളും തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥരും ഉൾപ്പെടുന്ന ഇൻഡസ്ട്രിയൽ റിലേഷൻസ് ബോർഡ് 11-6-1999-ൽ കൂടുകയും ഒരു തൊഴിൽ നയം രൂപീകരിക്കുന്നതിലേക്കുള്ള പ്രാരംഭചർച്ചകൾ നടത്തുകയുമുണ്ടായി.

(ഡി) ഇതിന്റെ ഒരു കരട് രൂപം തയ്യാറാക്കി ട്രേഡ് യൂണിയൻ പ്രതിനിധികളുമായി ചർച്ചകൾ നടത്തിയതിനുശേഷം സമഗ്രമായ ഒരു തൊഴിൽ

LIBRARY ARCHIVES Kerala Legislative Assembly

നയം രൂപീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. തത്സംബന്ധമായ നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്.

(ഇ) സർക്കാരിന്റെ തൊഴിൽനയം താമസംവിനാ പ്രഖ്യാപിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u> : അന്യസംസ്ഥാനങ്ങളിലെ പല സ്ഥാപനങ്ങളിലും, ഉദാഹരണത്തിന് മൽസ്യ സംസ്ക്കരണ ശാലകൾ, പഴം, പച്ചക്കറി സംസ്ക്കരണശാലകൾ ഇവിടെയെല്ലാം തന്നെ നമ്മുടെ സംസ്ഥാനത്തു നിന്ന് ആയിരക്കണക്കിന് തൊഴിലാളികളെ കൊണ്ടുപോകുകയും വളരെ പരിതാപകരമായ അവസ്ഥയിൽ അവരെക്കൊണ്ടു പണിയെടുപ്പിക്കുകയും ചെയ്യുന്ന ഒരു സ്ഥിതിയുണ്ട്. ഇവർക്ക് നിയമാനുസൃതമായിട്ടുള്ള ഒരു ആനുകൂല്യവും ലഭിക്കുന്നില്ല. ഇടനിലക്കാരുടെ വലിയ ചൂഷണത്തിന് ഇവർ വിധേയരാകുകയും ചെയ്യുന്നുണ്ട്. ഇവരുടെ പ്രശ്നം വളരെ ഗൗരവമായിട്ടുള്ള പ്രശ്നമാണ്. അതുകൊണ്ട് തന്നെ ഗവൺമെന്റ് പുതുതായിട്ട് രൂപം നൽകുന്ന നയത്തിൽ ഇവരുടെ പ്രശ്നത്തിന് ആവശ്യമായിട്ടുള്ള ഊന്നൽ നൽകുവാൻ തയ്യാറാകുമോ; ഇവരുടെ പ്രശ്നം ഗൗരവമായി കൈകാര്യം ചെയ്യാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : ഈ പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. അതനുസരിച്ച് ലേബർ കമ്മീഷണറും, ലേബർ ഡിപ്പാർട്ടുമെന്റിലെ ഉയർന്ന ഉദ്യോഗസ്ഥരും നമ്മുടെ സംസ്ഥാനത്തുനിന്നും ഗുജറാത്ത്, ബോംബെ തുടങ്ങിയ സംസ്ഥാനങ്ങളിൽ പോയി പണിയെടുക്കുന്നവരെക്കുറിച്ച് പരിശോധന നടത്തി അവിടുത്തെ ഗവൺമെന്റുകളുമായും ലേബർ ഡിപ്പാർട്ടുമെന്റുമായും ചർച്ച ചെയ്ത് അവർക്ക് കൂടുതൽ മെച്ചപ്പെട്ട സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മാത്രമല്ല മുൻപത്തെപ്പോലെ കണക്കില്ലാത്ത തൊഴിലാളികളെ നമ്മുടെ സംസ്ഥാനത്തുനിന്നും, വിശേഷിച്ച് സ്ത്രീകളെ അന്യ സംസ്ഥാനങ്ങളിലേക്ക് വേലയ്ക്ക് കൊണ്ടുപോകുന്നതിന് ഇപ്പോൾ നിയന്ത്രണമുണ്ട്. തീർച്ചയായിട്ടും ഗവൺമെന്റിൽനിന്നും ലൈസൻസ് എടുക്കാത്ത ആരെയും അന്യസംസ്ഥാനങ്ങളിൽ ജോലി ചെയ്യിക്കാൻ കൊണ്ടുപോകുന്ന ഒരു ഏർപ്പാട് ഇല്ലാതാക്കിയിട്ടുണ്ട് ഇത് കൂടുതൽ കർശനമാക്കുകയും ചെയ്യും.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u> : ട്രേഡ് യൂണിയനുകൾക്ക് അംഗീകാരം നൽകുന്ന ഒരു നിയമനിർമ്മാണം നടത്തും എന്ന് ഈ സഭയിൽ തന്നെ അങ്ങ് പ്രസ്താവിച്ചതായിരുന്നു. അത്തരം ഒരു നിയമനിർമ്മാണം എന്നത്തേയ്ക്കു നടത്താൻ കഴിയുമെന്ന് പറയാനാകുമോ?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : അങ്ങനെയൊരു ട്രേഡ് യൂണിയൻ റെക്കഗ്നിഷൻ ബിൽ എല്ലാവരുമായി ആലോചിച്ച്, അംഗീകരിച്ച് സെൻട്രൽ ഗവണ്മെന്റിന്റെ അംഗീകാരത്തിന് അയച്ചു. ആ ബിൽ സെൻട്രൽ ഗവൺമെന്റ് അംഗീകരിക്കാതെ തിരിച്ചുവന്നു. അതിനു ശേഷം അവർ ഉന്നയിച്ച ഒബ്ജക്ഷൻസൊക്കെ കവർ ചെയ്യത്തക്ക നിലയിലുള്ള പുതിയ ഒരു ബിൽ ഉണ്ടാക്കി ഇപ്പോൾ ആ ബിൽ ട്രേഡ് യൂണിയൻ സംഘടനകളുടെ ചർച്ചയ്ക്ക് വിധേയമായി അവരെ ഏൽപ്പിച്ചിട്ടുണ്ട്. കേന്ദ്ര ട്രേഡ് യൂണിയൻ സംഘടനകളോട് ആ ബില്ലിന് ഭേദഗതി ആവശ്യപ്പെട്ടിരിക്കുകയാണ്. ആ ഭേദഗതി വന്നാൽ ഉടൻതന്നെ അത് ബില്ലാക്കി നിയമസഭയിൽ അവതരിപ്പിക്കണമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : തൊഴിൽ നയത്തിന്റെ ഭാഗമായി തൊഴിലാളികൾക്കായി ഇപ്പോൾ നിലവിലുള്ള വിവിധ ക്ഷേമനിധി ബോർഡുകളെ ഏകോപിപ്പിച്ചുകൊണ്ട് ഒരു ലേബർ അതോറിറ്റി രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ, ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : നിലവിലുള്ള ക്ഷേമനിധികളുടെ പ്രവർത്തനങ്ങളെപ്പറ്റി ഗവൺമെന്റ് പരിശോധിക്കുന്നുണ്ട്. അത് എങ്ങനെ നിലനിൽക്കുമെന്നുള്ളത് പല ക്ഷേമനിധികളുടെയും പ്രവർത്തനങ്ങൾ പരിശോധിച്ചപ്പോൾ നാലഞ്ച് ക്ഷേമനിധികൾ ഒഴികെ ബാക്കിയെല്ലാം കൂടുതൽ ശക്തമാക്കേണ്ടതാണ് എന്ന് ഗവൺമെന്റിന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അവയുടെ പ്രവർത്തനങ്ങൾ ക്രോഡീകരിക്കുന്നതിനും, മെച്ചപ്പെടുത്തുന്നതിനും സഹായിക്കത്തക്ക നിലയിൽ ഒരു ലേബർ അതോറിറ്റി ഉണ്ടാക്കി ക്ഷേമനിധികളുടെ പ്രവർത്തനം മൂലം തൊഴിലാളികൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ എങ്ങനെ ലഭ്യമാക്കാം എന്നുള്ളതിനെ സംബന്ധിച്ച് ആലോചിക്കാനാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്.

ശ്രീ. കെ.പി. സതീശ്ചന്ദ്രൻ : തൊഴിലാളി ക്ഷേമത്തിനായി ഒരു ലേബർ ബാങ്ക് തുടങ്ങാൻ സർക്കാർ ഉദ്ദേശിക്കുന്നതായി ബഹുമാനപ്പെട്ട മന്ത്രി തന്നെ മുൻപ് നിയമസഭയിൽ പ്രഖ്യാപിക്കുകയുണ്ടായി. അത് സംബന്ധിച്ച് എന്തെങ്കിലും നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോ; മറ്റ് വിശദവിവരങ്ങൾ അറിയിക്കാമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : 2001 മുതൽ അത് പ്രാബല്യത്തിൽ വരണമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ക്ഷേമനിധി ഇനത്തിൽ പല ബാങ്കുകളിലും കെട്ടിക്കിടക്കുന്ന എമൗണ്ടും മറ്റ് സ്ഥാപനങ്ങളിൽ നിന്ന് ലേബർ ബാങ്ക് കടം വാങ്ങി ചെറിയ ചെറിയ വായ്പകൾ തൊഴിലാളികൾക്ക് കൊടുക്കുന്നതിനെ സംബന്ധിച്ചുമാണ് ഒരു പ്രോജക്ട് തയ്യാറാക്കുന്നത്. അത് ഫാക്ടറിയിലായാലും ശരി, അവർ ജോലി ചെയ്യുന്ന മേഖലയിലായാലും ശരി തിരിച്ചുപിടിക്കാനൊക്കെയുള്ള സൗകര്യങ്ങളുണ്ട്. ഗവൺമെന്റ് അങ്ങനെ ഒരു നടപടി സ്വീകരിച്ചത് എന്താണെന്നു ചോദിച്ചാൽ ഇന്ന് പല ഫാക്ടറികളിലെയും തൊഴിലാളികളിൽ ചില ആളുകൾ പണയം സ്വീകരിക്കുന്നവരുണ്ട്. വൻപിച്ച പലിശ, കഴുത്തറുപ്പൻ പലിശ മേടിച്ചിട്ടാണ് പണയം സ്വീകരിക്കുന്നത്. അത്യാവശ്യത്തിന് ഒരു തൊഴിലാളിക്ക് ചികിൽസയ്ക്കുവേണ്ടി 500 രൂപ വേണമെങ്കിൽ അപ്പോൾത്തന്നെ ഒരു തൊഴിലാളിയിൽ നിന്നോ, മറ്റാരുടെയെങ്കിലും കയ്യിൽ നിന്നോ കഴുത്തറുപ്പൻ പലിശ കൊടുത്ത് വാങ്ങുന്നു എന്നുള്ളത് ഗവൺമെന്റിന് ബോദ്ധ്യപ്പെട്ടതിന്റെ ഫലമായിട്ടാണ് ചെറിയ ചെറിയ വായ്പകൾ തൊഴിലാളികൾക്ക് അവരുടെ നിത്യ ആവശ്യങ്ങൾ നിറവേറ്റുന്നതിനു വേണ്ടി ഒരു ലേബർ ബാങ്ക് രൂപീകരിക്കാൻ തീരുമാനിച്ചത്. അതിന്റെ പ്രോജക്ട് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. അത് 2001 മുതൽ നടപ്പാക്കണമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : ട്രേഡ് യൂണിയൻ സംഘടനകൾക്ക് സ്വാധീനം ഇല്ലാത്ത മേഖലയിൽ തൊഴിൽനിയമങ്ങൾ നടപ്പിലാക്കുന്നതിൽ വീഴ്ച വരുന്നുണ്ട്. ഈ നിയമം കർശനമായി നടപ്പിലാക്കുന്നതിന് എ.എൽ.ഒ. കേന്ദ്രീകരിച്ച് കേന്ദ്ര ട്രേഡ് യൂണിയൻ സംഘടനകളുടെ പ്രതിനിധികൾ ഉൾക്കൊള്ളുന്ന ഒരു ഇംപ്ലിമെന്റേഷൻ കമ്മിറ്റി രൂപീകരിച്ച് ഫലപ്രദമായിട്ട് ഈ ആനുകൂല്യം എല്ലാ തൊഴിലാളികൾക്കും ലഭിക്കത്തവിധത്തിൽ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : ഈ അടുത്തകാലത്ത് ഗവൺമെന്റ് ഇടപെട്ട് ലേബർ ഡിപ്പാർട്ടുമെന്റിലെ ഉയർന്ന ഉദ്യോഗസ്ഥന്മാരുടെ സമ്മേളനങ്ങൾ വിളിച്ചുകൂട്ടുകയുണ്ടായി. ആ സമ്മേളനത്തിൽ ഓരോ ജില്ലയിലും ഇന്ന് നിലവിലുള്ള കേസുകളൊക്കെ പരിശോധിച്ചു. പല ജില്ലകളിലും ഒട്ടേറെ കേസുകൾ കുടിശ്ശിക കിടക്കുന്നു, ഇത് പരിഹരിക്കുന്നതിനുവേണ്ടി അടിയന്തിരമായി ഒന്നുരണ്ടു മാസത്തിനകം തീർപ്പ് ഉണ്ടാക്കണമെന്ന് തീരുമാനിച്ച് അവർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. അനാവശ്യമായി കെട്ടിക്കിടക്കുന്ന ഒട്ടേറെ കേസുകളുണ്ട്. ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി രണ്ടു മാസം കഴിഞ്ഞ് ജില്ലാടിസ്ഥാത്തിൽ ഈ കേസുകൾക്ക് തീർപ്പ് കൽപ്പിക്കുവാൻ എല്ലാ ജില്ലകളിലും അദാലത്ത് സംഘടിപ്പിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്. അതിനുള്ള നിർദ്ദേശങ്ങളൊക്കെ പോയിട്ടുണ്ട്. അതിന്റെ ത്വരിതഗതിയുള്ള പ്രവർത്തനം നടന്നുവരികയാണ്.

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : ചെറുകിട മരവ്യവസായ മേഖലയിൽ ആയിരക്കണക്കിന് തൊഴിലാളികൾ ജോലിചെയ്തു വരികയാണ്. അവർക്ക് പ്രത്യേകമായ ആനുകൂല്യങ്ങൾ ഒന്നും ലഭിക്കത്തക്ക രീതിയിലുള്ള നിയമനിർമ്മാണം നടന്നിട്ടില്ല. ക്ഷേമനിധി ഉൾപ്പെടെയുള്ള കാര്യങ്ങളിൽ അവരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു സംവിധാനത്തിന് ബഹുമാനപ്പെട്ട മന്ത്രി മുൻകൈ എടുത്ത് നടപടി സ്വീകരിക്കുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : ഇത് പ്രത്യേകം പരിഗണിക്കും. മരവ്യവസായത്തിൽ എത്ര തൊഴിലാളികൾ ജോലിചെയ്തു. മിനിമം വേജസ് പട്ടികയിൽ അവർ ഉണ്ടോ, ഇതൊക്കെ പ്രത്യേകം പരിശോധിച്ചിട്ട് പ്രത്യേകം ചോദ്യം ചോദിച്ചാൽ അതിന് മറുപടി പറയാം.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : സ്ത്രീകൾ തൊഴിൽ രംഗത്തേയ്ക്ക് നാൾക്കുനാൾ കൂടുതലായി കടന്നുവരികയാണ്. സ്ത്രീകൾക്ക് കോൺട്രാക്ട് അടിസ്ഥാനത്തിൽ ജോലി കൊടുത്തുകൊണ്ട് അവരെ ചൂഷണം ചെയ്യുന്ന ഒരു സ്ഥിതി നിലവിലുണ്ട്. അതോടൊപ്പംതന്നെ രാത്രി കാലങ്ങളിൽ സ്ത്രീകൾക്ക് ഷിഫ്റ്റ് അടിസ്ഥാനത്തിൽ തൊഴിൽ ചെയ്യേണ്ടിവരുമ്പോഴെല്ലാം ഒരുപാട് ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടി വരുന്നുണ്ട്. ഈ പ്രശ്നങ്ങൾക്കെല്ലാം പരിഹാരം കാണുന്നതിനാവശ്യമായ നിബന്ധനകൾ പുതിയ തൊഴിൽനയത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : തൊഴിലാളികൾക്ക് ഇന്നുണ്ടാകുന്ന അസൗകര്യങ്ങളൊക്കെ ഒഴിവാക്കാനാണ് തൊഴിൽ നയംതന്നെ രൂപീകരിക്കുന്നത്. തൊഴിൽ നയം രൂപീകരിക്കുമ്പോൾ തീർച്ചയായും ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച പ്രശ്നം കൂടി പരിഗണിക്കുന്നതാണ്.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : ബാലവേല തടയുന്നതിന് നിലവിൽ എന്ത് സംവിധാനമാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ; സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ ബാലവേല അവസാനിപ്പിക്കാനുള്ള തീരുമാനം നടപ്പിലാക്കുന്നതോടൊപ്പംതന്നെ കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുവേണ്ടിയുള്ള വ്യവസ്ഥകൾ കൂടി ഇതിൽ ഉൾപ്പെടുത്താൻ തയ്യാറാകുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : ബാലവേല പൂർണ്ണമായി നിരോധിക്കുന്നത് പ്രായോഗികമല്ല. എന്നാൽ വളരെ അപകടകരമായ മേഖലകളിൽ ഫാക്ടറികളിലൊക്കെ ബാലവേല ഇപ്പോൾത്തന്നെ കേരളത്തിൽ നിരോധിച്ചി

ട്ടുണ്ട്. ഹോട്ടലുകളിൽ പണിയെടുക്കുന്ന കുട്ടികളെ സംബന്ധിച്ച് നമ്മുടെ സംസ്ഥാനത്ത് വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് ജോലിസമയം കഴിഞ്ഞ് അവർക്ക് വിദ്യാഭ്യാസ സൗകര്യങ്ങളൊക്കെ ഏർപ്പെടുത്തുന്നതിന് ഗവൺമെന്റ് പല നടപടികളും സ്വീകരിച്ചിട്ടുണ്ട്. അതിന് വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് ഒട്ടേറെ സ്ഥാപനങ്ങൾ കേരളത്തിൽ പ്രവർത്തിച്ചുവരുന്നു. ആ നിലയിലുള്ള നടപടികളും ഇപ്പോൾ സ്വീകരിച്ചിട്ടുണ്ട്. ബാലവേല ചില മേഖലകളിൽ കർശനമായി നിരോധിച്ചിട്ടുണ്ട്, അത് സൂപ്പർവൈസ് ചെയ്യുന്നുമുണ്ട്. ഇതുപോലുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്.

<u>ശ്രീ. കെ. ബാബു</u> : തൊഴിൽ നയം പ്രഖ്യാപിക്കുമെന്ന് അങ്ങ് പല പ്രാവശ്യം ഈ സഭയിൽത്തന്നെ പ്രഖ്യാപിച്ചിട്ടും ഇതുവരെ പ്രഖ്യാപിച്ചിട്ടില്ല. കഴിഞ്ഞ ഡിമാന്റ് ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ലേബർ ബാങ്ക്, അപ്പലേറ്റ് അതോറിറ്റി തുടങ്ങിയ പല സംവിധാനങ്ങളും ഏർപ്പെടുത്താമെന്ന് പ്രഖ്യാപിച്ചിരുന്നു. 2001-ൽ ലേബർ ബാങ്ക് തുടങ്ങുമെന്നാണ് ഇപ്പോൾതന്നെ അങ്ങ് മറുപടി നൽകിയത്. തൊഴിൽ നയം പ്രഖ്യാപിക്കുന്നതിനും അങ്ങ് തന്നെ ഈ സഭയിൽ പ്രഖ്യാപിച്ച കാര്യങ്ങൾ നടപ്പിലാക്കുന്നതിനും എന്താണ് തടസ്സം; ഇതെല്ലാം എന്ന് പ്രാബല്യത്തിൽ വരുമെന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : സഭയിൽ പ്രഖ്യാപിച്ച കാര്യങ്ങൾ നടപ്പിലാക്കുന്നതിന് ഒരു തടസ്സവുമില്ല. ലേബർ ബാങ്ക് പ്രോജക്ട് ഉണ്ടാക്കുന്നതിനുവേണ്ടി നടപടി സ്വീകരിക്കുന്നുണ്ട്. അതിന് സമയം വേണമെന്നുള്ളതുകൊണ്ടാണ് 2001- മുതൽ നടപ്പിലാക്കണമെന്ന് ഉദ്ദേശിക്കുന്നത്. ലേബർ നയം രൂപീകരിക്കുന്നതോടൊപ്പംതന്നെ ചില കാര്യങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്പോൾത്തന്നെ ലേബർ കോടതികളും വ്യവസായ ട്രൈബ്യൂണലുകളുമൊക്കെ അവാർഡുകൾ പ്രഖ്യാപിക്കുന്നുണ്ട്. അതിന്റെ പകർപ്പ് ബന്ധപ്പെട്ടവർക്ക് സമയത്തിന് കിട്ടാറില്ല. വളരെ മാസങ്ങൾ കഴിഞ്ഞ് അല്ലെങ്കിൽ ഒരുവർഷം കഴിഞ്ഞ് അത് ഗവൺമെന്റിൽ പോയി ഗസറ്റിൽ പബ്ലിഷ് ചെയ്യുന്നുവെങ്കിൽ മാത്രമെ അതിന്റെ അടിസ്ഥാനത്തിലുള്ള ആനുകൂല്യം തൊഴിലാളികൾക്ക് ലഭിക്കൂ. ആ നിയമത്തിൽ മാറ്റം വരുത്താൻ ഗവൺമെന്റ് നടപടി സ്വീകരിച്ചുകഴിഞ്ഞു. 1947-ലെ തൊഴിൽ തർക്ക നിയമത്തിനുവേണ്ട ഭേദഗതി വരുത്താനുള്ള ശുപാർശയും സർക്കാർ സജീവമായി പരിഗണിക്കുന്നുണ്ട്. 1960-ലെ കടകളും വാണിജ്യസ്ഥാപനങ്ങളും നിയമം കാലോചിതമായി പരിഷ്ക്കരിക്കാനുള്ള ശുപാർശയും സർക്കാർ പരിശോധിച്ചു വരികയാണ്. ശ്രീ.എം.പി.മേനോൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്ലാന്റേഷൻ ലേബർ ആക്ടിലെ ചില വകുപ്പുകൾ ഭേദഗതി ചെയ്യുന്നതിനുമുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. അതുപോലെ ആനുപാതിക പ്രാതിനിധ്യം ട്രേഡ് യൂണിയന്റെ അംഗീകാരം നിശ്ചയിക്കുക ഇതൊക്കെ തൊഴിൽ നയത്തിൽ വരുന്നതാണ്. അതിനൊക്കെയുള്ള അംഗീകൃത നയം രൂപീകരിച്ചുകൊണ്ട് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. എഴുതിതയ്യാറാക്കിയ ഒരു നയമാണ് ഇപ്പോൾ പ്രഖ്യാപിക്കുന്നത്. ബാക്കി നടപടികളെല്ലാം തുടർന്നുവരുന്നുണ്ട്.

<u>ശ്രീ. കെ.പി. രാജേന്ദ്രൻ</u> : മറ്റു സംസ്ഥാനങ്ങൾക്കെല്ലാം മാതൃകയായിട്ടുള്ള വളരെ പുരോഗമനപരമായിട്ടുള്ള പല തൊഴിൽ നിയമങ്ങളും നമ്മുടെ നിയമസഭ പാസ്സാക്കിയിട്ടുണ്ട്. സ്ത്രീ തൊഴിലാളികൾക്കുവേണ്ടിയുള്ള പ്രസവകാലവേതനത്തെ സംബന്ധിച്ചുള്ള നിയമനിർമ്മാണം നമ്മുടെ നിയമസഭയാണ് നടത്തിയിട്ടുള്ളത്. ഞാൻ ഒരു കാര്യം ചോദിക്കാൻ ഉദ്ദേശിക്കുന്നത് കേന്ദ്രഗവൺമെന്റ് ജീവനക്കാർക്കും സംസ്ഥാന ഗവൺമെന്റ് ജീവനക്കാർക്കും പ്രസവകാല അവധി 135 ദിവസമായി വർദ്ധിപ്പിച്ച സാഹചര്യത്തിൽ മറ്റു മേഖ

LIBRARY ARCHIVES Kerala Legislative Assembly

ലകളിലെ സ്ത്രീതൊഴിലാളികളുടെ പ്രസവകാല അവധി 90 ദിവസമെന്നത് 135 ദിവസമായി വർദ്ധിപ്പിക്കാനാവശ്യമായ നടപടിക്ക് കേന്ദ്രഗവൺമെന്റിൽ ആവശ്യമായ സമ്മർദം ചെലുത്താൻ സംസ്ഥാനഗവൺമെന്റ് മുൻകൈയെടുക്കുമോ?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : പ്രധാനപ്പെട്ട ഒരാവശ്യമാണ് ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചിട്ടുള്ളത്. തീർച്ചയായും അത് കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി അതിന് എന്തൊക്കെ നടപടി സ്വീകരിക്കാം എന്നതിനെപ്പറ്റി ഗവൺമെന്റ് ആലോചിക്കുന്നതാണ്.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : അടുത്തുതന്നെ തൊഴിൽനയം പ്രഖ്യാപിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഉൽപ്പാദനം വർദ്ധിപ്പിക്കാനും തൊഴിൽരംഗത്ത് സമാധാനം നിലനിർത്താനുമാണ് ഇതുകൊണ്ട് പ്രധാനമായും ഉദ്ദേശിക്കുന്നതെന്ന് പറഞ്ഞു. സ്റ്റാറ്റ്യൂട്ട്, അവാർഡ് എഗ്രിമെന്റ്, കൺവെൻഷൻ, പ്രാക്ടീസസ് ഇവ പൂർണ്ണമായി പാലിക്കുമെന്ന് ഈ നയത്തിൽ വ്യക്തമാക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : പഴയ കുറേ അനുഭവങ്ങളുണ്ട്. നമ്മുടെ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ തൊഴിൽ അസ്വസ്ഥതകൾ നിലനിന്നിരുന്ന ഒരു മേഖലയാണ് ചുമട്ടുതൊഴിലാളി മേഖല, അവർ സാമൂഹ്യവിരുദ്ധന്മാരാണെന്ന് മുദ്രകുത്തിയ കാലഘട്ടം വരെയുണ്ടായിരുന്നു. ക്ഷേമനിധികൾ നിലവിൽ വന്നതിന്റെ അടിസ്ഥാനത്തിൽ ഇന്ന് ചുമട്ടുതൊഴിലാളികൾ സമൂഹത്തിൽ വളരെ ഉന്നതനിലവാരം പുലർത്തുന്നവരാണ്. അവരുടെ പ്രവർത്തനങ്ങൾക്ക് ഒരു ഏകീകൃത രൂപം വന്നു. അതുപോലെതന്നെ ഇനിയിപ്പോൾ സംഘടിതമേഖലയൊഴിച്ച് ബാക്കിയുള്ള സ്കാറ്റേർഡ് വർക്കേഴ്സിനും അങ്ങനെയുള്ള സൗകര്യം ഏർപ്പെടുത്തുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച വിഷയം ഉൾപ്പെടുത്തിയായിരിക്കും തൊഴിൽ രൂപപ്പെടുത്തുന്നത്.

<u>ശ്രീ. പി.പി. സുലൈമാൻ റാവുത്തർ</u> : നമ്മുടെ സംസ്ഥാനത്ത് പുരോഗമനപരമായ തൊഴിൽനിയമങ്ങളും അതുപോലെതന്നെ ഒത്തുതീർപ്പു കരാറുകളും ഉണ്ടായിട്ടുണ്ട്. പക്ഷെ ചില കേന്ദ്രങ്ങളിലെങ്കിലും നമ്മുടെ തൊഴിലാളികളുടെ സ്ഥിതി വളരെ ദയനീയമാണ്. ഇത് പരിഹരിക്കുന്നതിന് ഒരു വ്യവസായസ്ഥാപനത്തിൽ ഉണ്ടാകുന്ന ത്രികക്ഷി കരാർ അതേ സ്വഭാവമുള്ള വ്യവസായസ്ഥാപനത്തിൽ നിയമംമൂലം നിർബന്ധമാക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : നിയമനിർമ്മാണങ്ങൾ വഴി ഇന്ന് തൊഴിലാളികൾ അനുഭവിക്കുന്ന ആനുകൂല്യങ്ങളൊക്കെ ഐതിഹാസികമായ സമരം നടത്തി നേടിയിട്ടുള്ളതാണ്. പലയിടത്തും ഈ നിയമങ്ങൾ ലംഘിക്കുന്നവർ ഉണ്ടാകാം. പക്ഷെ പല മേഖലകളിലും ഈ നിയമങ്ങൾ കർശനമാക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിച്ചുവരുന്നു. ഇപ്പോൾ നിയമലംഘനം നടക്കുന്ന ഒരു മേഖലയാണ് കശുവണ്ടി വ്യവസായമേഖല. ആ മേഖലയിൽ വളരെ കർശനമായ എൻഫോഴ്സ്മെന്റ് നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇങ്ങനെ നിയമം നടപ്പിലാക്കുന്ന നടപടിയുമായിട്ട് ഗവൺമെന്റ് മുന്നോട്ടു പോകുകയാണ്. ബഹുമാനപ്പെട്ട മെമ്പർ തോട്ടം മേഖലയിൽ നിന്നുവരുന്ന ആളാണ്. തോട്ടം മേഖലയിലും നിയമലംഘനം നടക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അടിയന്തിരമായി ഇന്ന് നിലവിലിരി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്ന നിയമങ്ങൾ കർശനമായി നടപ്പിലാക്കുന്നതിന് ഗവൺമെന്റ് ആവശ്യമായ എല്ലാ നടപടിയും സ്വീകരിക്കുന്നതാണ്.

<u>ശ്രീ. ഇ.എം. അഗസ്തി</u> : ഇവിടെ സമഗ്രമായ ഒരു തൊഴിൽനയം ഗവൺമെന്റ് പ്രഖ്യാപിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രിസഭയെ അറിയിക്കുകയുണ്ടായി. തൊഴിൽനയത്തിന് രൂപം നൽകുന്നഅവസരത്തിൽ നമ്മുടെ രാജ്യത്തിലെ തൊഴിൽ മേഖലയിൽ പ്രത്യേകമായ സാഹചര്യം നിലനിൽക്കുന്നു. നാം ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും രാജ്യം ഉദാരവൽക്കരണത്തിന്റെ പുതിയ പാതയിൽ മുന്നേട്ടുപോകുകയാണ്. ഉദാരവൽക്കരണം തൊഴിൽമേഖലയിൽ തൊഴിൽസമരം ഉണ്ടാക്കുമെന്നും തൊഴിലവസരം നഷ്ടപ്പെടുമെന്നുമുള്ള ഭയാശങ്ക യൂണിയനുകളുടെ ഭാഗത്തും രാഷ്ട്രീയപാർട്ടികളുടെ ഭാഗത്തുമുണ്ട്. അതുപോലെ ബഹുമാനപ്പെട്ട മന്ത്രിയുടെ പാർട്ടിയുൾപ്പെടെയുള്ള കേരളത്തിലെ എല്ലാ പാർട്ടികളും തൊഴിലിലെ മൗലീകാവകാശമായി പ്രഖ്യാപിക്കണമെന്ന ആവശ്യം ഉന്നയിച്ചിട്ടുള്ളതാണ്. നിർണ്ണായകമായ ഈ കാലഘട്ടത്തിൽ തൊഴിൽമേഖലയിൽ സ്തംഭനം ഉണ്ടാകില്ല എന്ന് ഉറപ്പു വരുത്തുന്നതിനും തൊഴിലിനെ മൗലീകാവകാശമായി അംഗീകരിച്ചുകിട്ടുന്നതിനും വേണ്ടി പാർലമെന്റിൽ നിയമനിർമ്മാണം നടത്തുന്നതിനുവേണ്ടിയുള്ള ഒരു ശ്രമം ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമോ? അതുപോലെതന്നെ കേരള ഗവൺമെന്റ് പ്രഖ്യാപിക്കുന്ന തൊഴിൽനയത്തിൽ തൊഴിൽ മൗലീകാവകാശമായി പ്രഖ്യാപിക്കാനുള്ള തീരുമാനം ഉണ്ടാകുമോ?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : ഇത് സംസ്ഥാനഗവൺമെന്റിന് മാത്രം ചെയ്യാൻ പറ്റുന്ന കാര്യമല്ല.

<u>മി. സ്പീക്കർ</u> : തൊഴിൽനയം പ്രഖ്യാപിച്ചാൽ മാത്രം പോരാ തൊഴിൽ കൊടുക്കണം.

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : തൊഴിലാളികൾക്ക് ജോലിയെ സംബന്ധിച്ച് പരിരക്ഷ നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് ഗവൺമെന്റ് ശ്രമം നടത്തുന്നതാണ്.

4 (*180) വൈദ്യുതി ബോർഡിലെ ലാഭകേന്ദ്രങ്ങൾ

<u>ശ്രീ. കെ. ബാബു</u> :
<u>ശ്രീ. പാലോട് രവി</u> :
<u>ശ്രീ. ഇ.എം. അഗസ്തി</u> :
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> :
<u>ശ്രീ. എഴുകോൺ നാരായണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിൽ എത്ര ലാഭകേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്;

(ബി) ലാഭകേന്ദ്രങ്ങൾ സ്ഥാപിച്ചതിന്റെ ഫലമായി ഭരണച്ചെലവിൽ വന്നിട്ടുള്ള വ്യതിയാനം എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) ഇവ സ്ഥാപിച്ചതിനെത്തുടർന്ന് വൈദ്യുതി ചാർജിൽ എന്ത് വർദ്ധനവ് ഏർപ്പെടുത്തേണ്ടതായി വന്നു;

(ഡി) ലാഭകേന്ദ്രങ്ങൾ സ്ഥാപിച്ചതുമൂലം വൈദ്യുതി ബോർഡിനുണ്ടായ നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly